കേരള സർക്കാർ

# എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

നം.കെ.എസ്.എ.ഇ.കെ.എം (പി6)2214/2018

എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി:05.11.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് 2017 -18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക.)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഇ.കെ.എം (പി 6) 2214/2018

## എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-04-2017 മുതൽ 31-03-2018 വരെ വിവിധ

ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജയ സി.ആർ<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 13-09-2018 മുതൽ<br>01-10-2018 വരെ | സുരേഷ്.എസ്. - ഓഡിറ്റ് ഓഫീസർ<br>റസിയബീവി.ജെ, ഓഡിറ്റ് ഓഫീസർ<br>നവാസ്.സി.എം. - ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ ജെസി പീറ്റർ | 1-4-2017 മുതൽ 31-3-2018വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. ജെമിനി .ഇ.സി, ഹെഡ്ക്ലാർക്ക് (സെക്രട്ടറി ഇൻ ചാർജജ്) | 01-04-17 മുതൽ<br>26-04-2017വരെ |
| 2 | ശ്രീമതി. സിന്ധു .വി | 27-04-2017 മുതൽ<br>22-05-2017വരെ |
| 3 | ശ്രീമതി. ജെമിനി.ഇ.സി, ഹെഡ്ക്ലാർക്ക് (സെക്രട്ടറി ഇൻ ചാർജജ്) | 23-05-2017 മുതൽ<br>05-06-2017വരെ |
| 4 | ശ്രീ.ഇ.കെ. കൃഷ്ണൻകുട്ടി | 06-06-2017 മുതൽ<br>31-03-18 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.സതീഷ് കുമാർ . എം.ഡി | 01-04-2017മുതൽ-<br>31-03-2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. രജിത പിള്ള | 01-04-2017-മുതൽ<br>31-03-2018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശുഭ കെ നായർ | 01-04-2017-മുതൽ<br>31-03-2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ.സുധ സുഭി നായർ | 01-04-2017-മുതൽ<br>31-03-2018 വരെ |

| | | | |
|---|---|---|---|
| | | ഡോ.രാജേഷ്.പി | 01-04-2017മുതൽ -31-03-2018 വരെ |
| 6 | ഹെഡ്മാസ്റ്റർ, | ശ്രീമതി. കസ്തൂർഭായ് വി. എസ് | 01-04-2017മുതൽ-31-03-2018 വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. പ്രദീപ് .പി | 01-04-2017-മുതൽ 02-10-17 വരെ |
| | | ശ്രീമതി.ശോഭിനി ടി.വി | 03-10-17മുതൽ-31-03-2018 വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- വെളിയനാട് സർക്കിൾ | ശ്രീമതി. അനില .പി | 01-04-2017-മുതൽ 31-03-2018 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- എടക്കാട്ടുവയൽ സർക്കിൾ | ശ്രീമതി . രാജേശ്വരി. സി | 01-04-2017-മുതൽ 31-03-2018 വരെ |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ഷൈമ | 01-04-2017-മുതൽ 31-03-2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-11 |
| | ഭാഗം 2 | |
| 2 | കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 2-1 |
| 3 | ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു. | 2-2 |
| 4 | ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 2-3 |
| 5 | ഓഡിറ്റ് ഇംപാക്ട് | 2-4 |
| | ഭാഗം 3 | |
| 6 | ടെണ്ടർ ക്ഷണിക്കാതെയുള്ള വാങ്ങൽ അധിക ചെലവിനിടയാക്കി. | 3-1 |
| 7 | മരാമത്ത് പ്രവൃത്തികൾ – കാലതാമസത്തിന് ഫൈൻ ഈടാക്കുന്നില്ല. | 3-2 |
| 8 | മരാമത്ത് പ്രവൃത്തികളുടെ ഫയലിലെ പോരായ്മകൾ | 3-3 |
| 9 | SC യുവതികൾക്ക് സ്വയം തൊഴിൽ സംരംഭം. | 3-4 |
| 10 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല. | 3-5 |
| 11 | സ്കൂൾ വിദ്യാർത്ഥികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ – അപാകതകൾ | 3-6 |
| 12 | PHC യ്ക്ക് മരുന്ന് വാങ്ങൽ – നിർവഹണത്തിലെ അപാകതകൾ | 3-7 |
| 13 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-8 |

| | | |
|---|---|---|
| 14 | പദ്ധതി നിർവഹണവും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും | 3-9 |
| | ഭാഗം 4 | |
| 15 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |
| 16 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 17 | Balance Sheet, R&P Statement, I&E Statement | അനുബന്ധം 2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 പൊതു അവലോകനം

1-1. ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24.3.2017 തീയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22-02-18തീയതിയിലെ 3 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 10-05-18 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | KSA-EKM(PG)1786(16)/18 തീയതി 30-08-18 | വിശേഷണങ്ങളോടു കൂടിയത്. |

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4584861 |
| വരവ് | 61975061 |
| ആകെ | 66559922 |
| ചെലവ് | 59042386 |
| നീക്കിയിരിപ്പ് | 7517536 |

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി. ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10084000 | 10084000 | 10084000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 3765638 | 3765638 | 3765638 | 0 |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | | | | | | |
| മെയിൻറനൻസ് , റോഡ്(ACR പ്രകാരം) | | 0 | 21797153 | 21797153 | 21797153 | 0 |
| മെയിൻറനൻസ് , നോൺ റോഡ്(ACR പ്രകാരം) | | 0 | 2742189 | 2742189 | 2742189 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ACR പ്രകാരം) | | 0 | 4688094 | 4688094 | 4688094 | 0 |
| സാക്ഷരത | | 12695 | 0 | 12695 | 294 | 12401 |
| ദുരിതാശ്വാസനിധി | | 100910 | 38618 | 138808 | 96776 | 42032 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 14069651 | 14069651 | 14069651 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6408 | 806199 | 812607 | 810207 | 2400 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 565516 | 486933 | 1052449 | 717167 | 335282 |
| | ODF | 32849 | 490000 | 522849 | 416363 | 106486 |
| | NIRMAL | 5701 | 0 | 5701 | 0 | 5701 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി | 0 | 37500 | 37500 | 0 | 37500 |
| | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം | 0 | 25000 | 25000 | 0 | 25000 |
| | ശ്മശാനം ഗ്രാന്റ് | 1086 | 0 | 1086 | 0 | 1086 |
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 850000 | 850000 | 250000 | 600000 |
| | ജില്ലാ പഞ്ചായത്ത് | 0 | 1054352 | 1054352 | 1054352 | 0 |
| ബി ഫണ്ട് | | 0 | 36615420 | 36615420 | 36615420 | 0 |
| ജനറൽ പർപ്പസ് ഗ്രാൻറ് | | 892139 | 6415000 | 7307139 | 4861078 | 2446061 |
| തനത് ഫണ്ട് | ബാങ്ക് അക്കൌണ്ട് | 2870464 | 7982556 | 10853020 | 6657447 | 4195573 |
| | ട്രഷറി അക്കൌണ്ട് | 661789 | 1424551 | 2086340 | 1384922 | 701418 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 154 | 82708181 | 97 | 46543403 | 24 | 33 | 63 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6408 | 806199 | 812607 | 810207 | 2400 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | --- | 14069651 | 14069651 | 14069651 | ---- |
| ആകെ | 6408 | 14875850 | 14882258 | 14879858 | 2400 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37920 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 8052000 | 683 |
| വിധവാപെൻഷൻ | 57122000 | 455 |
| വാർദ്ധക്യകാലപെൻഷൻ | 19832400 | 1539 |
| വികലാംഗപെൻഷൻ | 2266800 | 195 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 584100 | 50 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-09-18ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11270/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന കത്തുകളും, ഇ മെയിലുകളുമാണ് ഓഫീസ് മേധാവി ഇൻഷ്യൽ ചെയ്ത് സെക്ഷനുകൾക്ക് നൽകുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.

3. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

5. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

6. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

7. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു

വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

9. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

10. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-08-18 | 01-07-18മുതൽ 31-07-18വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 04-05-15 മുതൽ 18-05-15 വരെ | 2010-11 മുതൽ 2014-15വരെ | 22-09-15 |

1-12 വാർഷിക കണക്കിലെ അപാകതകൾ
ഈ ഓഫീസിലെ 30-08-18 തീയതിയിലെ KSA-EKM(PG)1786(16)/18 -ാംനമ്പരായുള്ള സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷം വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കുന്നതിന് 14.8.2017 ലെ ജനറൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം നം:5). ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നല്കുന്നതിനും തീരുമാനിച്ചിരുന്നു.

എന്നാൽ നാളിതു വരെയും മേൽ പ്രകാരമുള്ള തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം ഒരു കോഴി ഫാമിന് മാത്രമാണ് ലൈസൻസ് നൽകിയിരിക്കുന്നത് . (ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പേജ് 11,12- ലൈസൻസ് നം. 02/2017-18) .വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥൻ | കെട്ടിട നം. | പക്ഷികളുടെ പരമാവധി | ലൈസൻസ് നം | ഈടാക്കിയ ലൈസൻസ് |
|---|---|---|---|---|---|

| | | | എണ്ണം | | ഫീസ് |
|---|---|---|---|---|---|
| 1 | ജെയിംസ് E.C., ഇടമനച്ചിറയിൽ | XI/211 - A | 405 | 02/2017-18 | 500/- 117070101177/ 25-08-2017 |

1. 2016-17 വർഷം 5 കോഴി ഫാമുകൾക്ക് ലൈസൻസ് നൽകിയിരിന്നു. ആകെ 2500/- രൂപ 2016-17 വർഷം ലഭിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷം ഒരു കോഴി ഫാമിന് മാത്രമാണ് ലൈസൻസ് നൽകിയത്.

2017-18 വർഷം പുറത്തിറക്കിയ (27-05-2017) എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിന്റെ 13ാം പഞ്ചവത്സര പദ്ധതി സ്റ്റാറ്റസ് റിപ്പോർട്ടിലെ ഐറ്റം 3 മൃഗ സംരക്ഷണവും ,ക്ഷീര വികസനവും എന്ന ഭാഗത്ത് ഡയറി ഫാം 3 എണ്ണം എന്നും , ഇറച്ചിക്കോഴി ഫാം 86 എണ്ണം ഉണ്ട് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 86ഫാമുകൾ ഉണ്ടെന്ന് ഗ്രാമ പഞ്ചായത്തിന്റെ രേഖയായ സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും എന്നാൽ ലൈസൻസ് സംബന്ധിച്ച ഫയലുകളിൽ 2017-18 വർഷം ഒരു കോഴി ഫാമിന് മാത്രം ലൈസൻസ് നൽകുകയുമാണ് ചെയ്തിരിക്കുന്നത്.

3. വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പരിശോധിച്ചതിലും കോഴിഫാമുകൾക്ക് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ .

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | തറ വിസ്തീർണ്ണം | ഉപയോഗത്തിന്റെ തരം | നികുതി (ഒന്നാം അർദ്ധവർഷം- രണ്ടാം അർദ്ധ വർഷം |
|---|---|---|---|---|---|
| 1 | തോമസ് , വെള്ളരാം കാലായിൽ | 11/405-A | 161.6 | കോഴി ഫാം | 850+848 |
| 2 | കോര തൊമ്മൻ | 11/295 A | 119.4 | „ | 502+502 |
| 3 | പ്രകാശൻ | 11/333 A | 138 | „ | 759+759 |

മേൽ വിവരിച്ച കാര്യങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്ത് കോഴി ഫാമുകൾക്ക് കെട്ടിട നമ്പർ നൽകിയിട്ടുണ്ടെന്ന് സ്പഷ്ടമാണ്. എന്നാൽ ലൈസൻസ് രേഖകൾ പ്രകാരം ഈ കോഴി ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ലാത്തതുമാണ്.

4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ 2017-18 വർഷം ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നത് സംന്ധിച്ച് ചർച്ചകൾ നടത്തിയിട്ടില്ല. താരതമ്യേന വരുമാനം കുറഞ്ഞ എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിൽ, ഇത്തരം അപാകതകൾ ചർച്ച ചെയ്യുകയും ആയത് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതുമായിരുന്നു. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 162ാം വകുപ്പ് അനുശാസിക്കുന്ന ചുമതലകൾ നിർവ്വഹിച്ചതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് അപാകതകൾ ഉണ്ട്.

4. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ മാലിന്യ നിർമ്മാർജ്ജനം, മഴക്കാല പൂർവ്വ ശുചീകരണം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടത്തുകയും നടപടികൾക്കായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകാവുന്ന ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നടപടി എടുക്കുന്നത് സംബന്ധിച്ച് 2017-18 വർഷം സ്റ്റാൻഡിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ , നടപടികൾക്കായി പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ട് വരികയോ ചെയ്തിട്ടില്ല . ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 162ാം വകുപ്പ് അനുശാസിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിൽ ആരോഗ്യ വിദ്യാഭ്യാസ

സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് പോരായ്മകൾ വന്നിട്ടുണ്ട്.

മുൻ വർഷങ്ങളിൽ ലൈസൻസ് ഫീസ് പിരിക്കുകയും എന്നാൽ 2017-18 വർഷം ലൈസൻസ് ഫീസ് പിരിക്കാതിരിക്കുകയും ചെയ്ത ചുവടെ ചേർക്കുന്ന ഫാമുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഉടമസ്ഥന്റെ പേര് | മുൻ വർഷം ലൈസൻസ് ഫീസ് അടച്ച വിവരം | തുക |
|---|---|---|---|
| 1 | ജയൻ.പി.നാരായണൻ/3 | 2014-15 വരെ | 300 |
| 2 | ജോർജ്ജ് /5 | 2015-16 വരെ | 500 |
| 3 | ഉലഹന്നാൻ/7 | 2016-17 വരെ | 500 |
| 4 | നന്ദകുമാർ /7- പശു ഫാം | ,, | 500 |
| 5 | നിഷ വിജയൻ/7 | ,, | 500 |
| 6 | റെജി എൻ.എസ്./7 | ,, | 500 |
| 7 | സാബു.കെ.പി./7 | ,, | 500 |
| | ആകെ | | 3300 |

ലൈസൻസ് ഫീസിനത്തിൽ 2017-18 വർഷം കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ് പിരിക്കുന്നതിനും, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിനും തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.

## 2-3 ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2017-18 വർഷം ലൈസൻസ് സംബന്ധിച്ച ഫയലുകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് പിരിച്ചിട്ടില്ലാത്തതായി ബോദ്ധ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | VII/21 – D | ബിന്ദു കൃഷ്ണ, പാലാൽ | പലചരക്ക കട |
| 2 | VII/21-B | ദേവി കുടുബശ്രീ യൂണിറ്റ് | രേഖപ്പെടുത്തിയിട്ടില്ല |
| 3 | III/199 | കാർഷിക വിപണി | കാർഷിക വിപണന കേന്ദ്രം |
| 4 | III/199 B | ഉദയം കുടുംബശ്രീ. | തയ്യൽ യൂണിറ്റ് |
| 5 | X/165 B | അർച്ചന കുടുംബശ്രീ. | സോപ്പ് നിർമ്മാണ യൂണിറ്റ്. |

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മേൽ വിവരിച്ച കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ യാണ് പ്രവർത്തിക്കുന്നത്. 1994 ലെ കേരള പഞ്ചായത്തീ രാജ് ആക്ട് 232ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ

ഉപയോഗിക്കാൻ പാടില്ലെന്ന് പ്രതിപാദിച്ചിട്ടുണ്ട്. തനത് വരുമാനം കുറഞ്ഞ സ്ഥാപനമായ എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനും, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിനും നിലവിലെ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.13 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-4 ഓഡിറ്റ് ഇംപാക്ട്

(എ)2017-18 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ, വി.ജെ ജോസഫ് സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയിരുന്നില്ല. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് 01-10-18 ലെ 118070101568 -ാം നമ്പർ രസീത് പ്രകാരം 11739/- രൂപ ടിയാനിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

(ബി)ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാഞ്ഞിരമറ്റം റെയിൽവേ സ്റ്റേഷനു സമീപമുള്ള നാല് പ്ലോട്ടുകൾ 6/2017 മുതൽ 5/2020 വരെ മൂന്ന് വർഷത്തേക്ക് കൃഷി ആവശ്യത്തിനായി പാട്ടത്തിന് നൽകുന്നതിന് 20-05-17 ൽ ലേലം ചെയ്തിരുന്നു. പഞ്ചായത്തു കമ്മിറ്റിയുടെ 20-06-17 ലെ തീരുമാനം നം 7(2) പ്രകാരം ലേലം അംഗീകരിച്ചു. ലേലം കൊണ്ടവർക്ക് 22-06-17 ൽ ബാക്കി തുക ഒടുക്കുന്നതിനും കരാർ വെക്കുന്നതിനും ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിരുന്നെങ്കിലും.ലേലം കൊണ്ടവർ ഓഡിറ്റ് തീയതി വരെ കരാർ വെച്ചിരുന്നില്ല. ഓഡിറ്റിൽ ഇത് ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് കരാർ വെയ്ക്കുകയും പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തു.

(സി). രഘു , പുതുകുളങ്ങരയ്ക്ക് വിവാഹ ആവശ്യത്തിനായി ഫാർമേഴ്സ് ഹാൾ 27-02-18ൽ വാടകയ്ക്ക് നൽകിയിരുന്നു.. എന്നാൽ വാടക ഈടാക്കിയപ്പോൾ ചരക്കു സേവന നികുതി ഈടാക്കിയില്ല. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് 25-09-18 ലെ 117070103826 -ാം നമ്പർ രസീത് പ്രകാരം 1440/- രൂപ ടിയാനിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടെണ്ടർക്ഷണിക്കാതെയുള്ള വാങ്ങൽ - അധികച്ചെലവിനിടയാക്കി

(എ) തെങ്ങുകളുടെ ഉല്പാദന ക്ഷമത കുറഞ്ഞു വരുന്നതിനാൽ റബ്ബർ കൃഷിയിലേക്ക് കൃഷി ഭൂമികൾ മാറ്റപ്പെടുന്നതായാണ് സ്റ്റാറ്റസ് റിപ്പോർട്ട് . ഇതിന്റെ അടിസ്ഥാനത്തിൽ തെങ്ങുകൃഷി വികസിപ്പിക്കുന്നതിന് 13-02-17 ൽ കൂടിയ കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം നല്ലയിനം തൈകൾ വെച്ചു പിടിപ്പിക്കുന്നതിനുള്ള പ്രോജക്ടിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തൻവർഷം തെങ്ങു കൃഷി വികസനം എന്ന പ്രോജക്ട് ( S0080/18 ) ജൈവവളം സബ്സിഡി നിരക്കിൽ വിതരണം ചെയ്താണ് നടപ്പിലാക്കിയിരിക്കുന്നത്. ടി പ്രോജക്ടിന്റെ ലക്ഷ്യങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ/ പ്രവൃത്തികൾ (സാധന സാമഗ്രികൾ വാങ്ങുന്നത് ഉൾപ്പെടെ) എന്ന കോളത്തിൽ തെങ്ങു കൃഷി വികസനം എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ നിർവ്വഹണോദ്യോഗസ്ഥൻ ജൈവവളം സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് പെർമിറ്റ് വിതരണം നടത്തുക മാത്രം ചെയ്താണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുക, നല്ലയിനം തൈകൾ വെച്ചു പിടിപ്പിക്കുക മുതലായ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ചാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിരിക്കുന്നത്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യം പരിശോധിച്ചിട്ടില്ല.

യൂറിയ, പൊട്ടാഷ്, വേപ്പിൻ പിണ്ണാക്ക് എന്നിവ 50% സബ്സിഡിയിൽ ലഭിക്കുന്നതിന് കർഷകർക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റ് ലഭിച്ചതനുസരിച്ച് SCB വെളിയനാട്, SCB എടയ്ക്കാട്ടുവയൽ, SCB തിരുമറയൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും ജൈവവളം വിതരണം ചെയ്തതിന് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഇനം | യൂറിയ | പൊട്ടാഷ് | വേപ്പിൻ പിണ്ണാക്ക് | നൽകിയ തുക (50%) |
|---|---|---|---|---|
| SCB വെളിയനാട് | 2107 | 4211 | 4211 | 98015 |
| SCB എടയ്ക്കാട്ടുവയൽ | 2632 | 5257 | 5257 | 106465 |
| SCB തിരുമറയൂർ | 1085 | 2156 | 2156 | 45507 |
| | 5824 | 11624 | 11624 | 249987 |

ചെലവു വിവരം -ബിൽ നം 2/2017-18 തീയതി 24-11-17 രൂപ 239736

ബിൽ നം 5/2017-18 തീയതി 22-02-18 രൂപ 10251

ഏകദേശം 5ലക്ഷം രൂപ വില വരുന്ന വാങ്ങൽ ടെണ്ടർ ക്ഷണിക്കാതെ നടത്തിയത് വഴി ഒരേ ഇനത്തിന് തന്നെ വിവധ നിരക്കുകൾ നൽകേണ്ടി വന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| | SCB വെളിയനാട് | SCB എടയ്ക്കാട്ടുവയൽ | SCB തിരുമറയൂർ |
|---|---|---|---|
| യൂറിയ | 5.90 | 7 | 6.40 |
| പൊട്ടാഷ് | 11.60 | 13 | 11 |
| വേപ്പിൻ പിണ്ണാക്ക് | 32 | 24 | 28 |

കുറഞ്ഞ നിരക്കിനെ അടിസ്ഥാനപ്പെടുത്തുമ്പോൾ മേൽപ്പറഞ്ഞ വാങ്ങലിന് അനുവദിക്കേണ്ടി വരുന്ന തുകയുടേയും അധികം ചെലവഴിക്കാനിടയായതിന്റേയും വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| യൂറിയ | 5284 @5.90 = 31176 |
| പൊട്ടാഷ് | 11624 @11= 127864 |
| വേപ്പിൻ പിണ്ണാക്ക് | 11624 @24 =278976 |
| ആകെ | 438016 |
| അനുവദിക്കേണ്ടി വരുന്ന തുക (50%) | 219008 |
| അനുവദിച്ചത് | 249987 |
| അധികം | 30979 |

(ബി)നെൽകൃഷി വികസനം (പ്രോജക്ട് നം S0079/18)

മേൽ പദ്ധതി പ്രകാരം നെൽകൃഷി ചെയ്യുന്നതിന് കൂലിച്ചെലവ് സബ്സിഡിയും കുമ്മായം 75% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിനും ലക്ഷ്യമിടുന്നു. ബിൽ നം 7/2017-18 തീയതി 17-03-18 പ്രകാരം 145845/- രൂപ കുമ്മായം (lime) വിതരണം ചെയ്തതിന് SCB വെളിയനാട്, SCB തിരുമറയൂർ എന്നീ സ്ഥാപനങ്ങൾക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| സ്ഥാപനം | അളവ് | നിരക്ക് | തുക | അനുവദിച്ച സബ്സിഡി (75%) |
|---|---|---|---|---|
| SCB വെളിയനാട് | 7420 | 12 | 89040 | 66780 |
| SCB തിരുമറയൂർ | 7530 | 14 | 105420 | 79065 |

| | | | | |
|---|---|---|---|---|
| | 14950 | | | 145845 |

പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കാതെ രണ്ട് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്തിയത് വഴി ഒരേ ഇനത്തിന് തന്നെ വിവിധ നിരക്കുകൾ നൽകേണ്ടി വന്നു. കുറഞ്ഞ നിരക്കിനെ അടിസ്ഥാനപ്പെടുത്തുമ്പോൾ മേൽപ്പറഞ്ഞ വാങ്ങലിന് അനുവദിക്കേണ്ടി വരുന്ന തുകയുടേയും അധികം ചെലവഴിക്കാനിടയായതിന്റേയും വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആകെ ചെലവ് | 14950 @ 12 = 179400 |
| അനുവദിക്കേണ്ട സബ്സിഡി തുക | 179400 @75% = 134550 |
| അനുവദിച്ചത് | 145845 |
| അധികം ചെലവഴിച്ചത് | 11295 |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രോജക്ടിൽ നിർദ്ദേശമൊന്നുമില്ലാത്തതിനാൽ പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് സാധനങ്ങൾ നൽകിയിട്ടുള്ളത്. അതിനാൽ പ്രൊക്യുവർമെന്റ് കമ്മിറ്റിയിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് തീരുമാനമെടുത്തിട്ടില്ല. ഇത്തരം വാങ്ങലുകൾ നടത്തുമ്പോൾ കുറഞ്ഞ വിലയും ഗുണമേന്മയും ഉറപ്പുവരുത്തി സാധനങ്ങൾ ലഭ്യമാക്കാൻ പ്രൊക്യുവർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-2 മരാമത്ത് പ്രവൃത്തികൾ - കാലതാമസം വരുത്തുന്നതിന് ഫൈൻ ഈടാക്കുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തൻവർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് രണ്ടു തവണ മാത്രമാണ് (13-02-17, 27-04-17) യോഗം ചേർന്നിട്ടുള്ളത്. ഇതിൽ ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ട ഉത്തരവാദിത്വം കൂടി വർക്കിംഗ് ഗ്രൂപ്പുകൾക്കുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒന്നോ രണ്ടോ പേർ മാത്രമാണ് ഒപ്പു രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തികളുടെ തൃപ്തികരമായ പൂർത്തീകരണം പരിശോധിക്കുന്നതു പോലെ തന്നെ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടോയെന്നതും പരിശോധിക്കേണ്ടതാണ്. പല പ്രവൃത്തികളും യഥാസമയം പൂർത്തീകരിച്ചതായി കാണുന്നില്ല. ഇത്തരം സംഗതികളിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാൻ നിർദ്ദേശമുണ്ടെങ്കിലും ആയത് ഈടാക്കിയിട്ടില്ല.ഇക്കാര്യം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പരിശോധിച്ചിട്ടില്ല, അതിനാൽ പഞ്ചായത്ത് ഫണ്ടിന് പിഴയിനത്തിൽ ലഭിക്കേണ്ട തുകയിൽ കുറവു വന്നിട്ടുണ്ട്.

(എ) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112-1 പ്രകാരം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.എന്നാൽ പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഇങ്ങനെ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആദ്യ തവണ (ഒറിജിനൽ സമയത്തിന്റെ 25%) കാലാവധി ദീർഘിപ്പിക്കുന്നതിന് PACയുടെ 1% വും ആദ്യ തവണയ്ക്കു ശേഷം PACയുടെ 2% വും പിഴയായി ഈടാക്കണം. പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസി.എഞ്ചിനിയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതും ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കുശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാകുന്നതിനാൽ തുക നൽകാവുന്നതുമല്ല. എന്നാൽ ഇവിടെ അപേക്ഷ സമർപ്പിക്കാതെ തന്നെ കരാറുകാർക്ക് സമയം ദീർഘിപ്പിച്ചു നൽകുന്നതായാണ് കാണുന്നത്. ഇത് ശരിയായ നടപടിയല്ല. താഴെപ്പറയുന്ന പ്രവൃത്തികൾക്ക് കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല. വിശദാംശം ചുവടെ

കൊടുക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | സൈറ്റ് കൈമാറ്റം ചെയ്ത തീയതി | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീ കരിച്ച തീയതി |
|---|---|---|---|---|
| വട്ടപ്പാറ -പള്ളിപ്പടി ഐക്കരപ്പറമ്പിൽതാഴം റോഡ് | ജോയി തോമസ് | 21-01-17 | 22-03-17 (60ദിവസം) | 15-04-17 |
| അമ്പാട്ടു കുഴി - എലവുംപറമ്പ് പുതുമനപ്പടി റോഡ് ടാറിംഗ് | സന്ദീപ് ബൈജു | 06-10-17 | 05-12-17 (60ദിവസം) | 07-03-18 |
| മേച്ചേരിത്താഴം റോഡ് | സിജിമോൾ ജോർജ്ജ് | 10-11-17 | 09-01-18 (60ദിവസം) | 09-03-18 |
| മാങ്കടപ്പള്ളി- കുരിശുതൊട്ടിത്താഴം റോഡ് | സന്ദീപ് ബൈജു | 06-10-17 | 05-12-17 (60ദിവസം) | 09-03-18 |

മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ 20% സമയം കൂടി പിഴയില്ലാതെയും അതിൽ കൂടുതൽ വരുന്ന 3മാസത്തിന് കരാർതുകയുടെ 1% പിഴയും പിന്നീട് വേണ്ടി വരുന്ന ഓരോ 3മാസത്തിനും 2% പിഴയുമാണ് ഈടാക്കാൻ കരാറിൽ നിർദ്ദേശിച്ചിട്ടുള്ളത്. മേൽപ്രവൃത്തികൾ ഗ്രേസ് പീരീഡിനുള്ളിലും പൂർത്തീകരിച്ചിട്ടില്ല.അതിനാൽ കരാർ പ്രകാരം ഈടാക്കേണ്ട ഫൈനിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കരാർ തുക | ഈടാക്കേണ്ടുന്ന ഫൈൻ (1%) | ചെലവു വിവരം (ബിൽ നം) | (അളവു പുസ്തകം) |
|---|---|---|---|---|
| വട്ടപ്പാറ -പള്ളിപ്പടി ഐക്കരപ്പറമ്പിൽതാഴം റോഡ് | 710729 | 7107 | 14/22-06-17 രൂപ 643157 | 111/16-17 |
| അമ്പാട്ടു കുഴി - എലവുംപറമ്പ് പുതുമനപ്പടി റോഡ് ടാറിംഗ് | 1162328 | 11623 | 46/24-03-18 രൂപ1152427 | 43/17-18 60/17-18 |
| മേച്ചേരിത്താഴം റോഡ് | 583797 | 5838 | 43/17-03-18 രൂപ 580549 | 22/17-18 |
| മാങ്കടപ്പള്ളി- കുരിശുതൊട്ടിത്താഴം റോഡ് | 766347 | 7663 | 51/23-03-18 രൂപ 716957 | 1/17-18 |
| ആകെ | | 32231 | | |

സമാനവിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രേസ് പീരീഡിനുള്ളിലാണ് പ്രവൃത്തി പൂർത്തീകരിച്ചിരുന്നതെന്നാണ് മറുപടി നൽകിട്ടുള്ളത്.

(ബി) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ വെക്കേണ്ടതാണ് . 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കി കരാർ വെക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത സമയം കഴിഞ്ഞ് കരാർ വെക്കാതിരുന്നിട്ടും ഇവരിൽ നിന്നും

പിഴ ഈടാക്കിയില്ല.
പ്രവൃത്തി - മേച്ചേരിത്താഴം റോഡ് ടാറിംഗ്
കരാറുകാരൻ -സിജിമോൾ ജോർജ്ജ്
സെലക്ഷൻ നോട്ടീസ് നമ്പർ -AE/LSGD/EKYL/17-18 /19-09-17
സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി -25-09-17
കരാർ വെച്ച തീയതി - 10-11-17
കരാർ നമ്പർ - 28/17-18തീയതി 10-11-17
PAC - 599420
ഈടാക്കേണ്ടുന്ന ഫൈൻ (1%) - 5994/-
ചെലവ് വിവരം -ബിൽ നം -43/17-03-18 രൂപ 580549/-
മേൽപ്പറഞ്ഞ തുകകൾ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ (അസി.എഞ്ചിനിയർ) ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ ഫയലിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ചില ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1)കരാറുകാർക്ക് നൽകിയിട്ടുള്ള സെലക്ഷൻ നോട്ടീസിന്റെ (ഫയലിൽ സൂക്ഷിച്ചിട്ടുള്ള) പകർപ്പുകളിൽ എല്ലാത്തിലും തന്നെ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല . തന്മൂലം കരാർ ചമയ്ക്കുന്നതിലെ സമയ ക്ലിപ്തത പരിശോധിക്കുവാൻ സാധ്യമല്ലാതാകുന്നു.

ഉദാ; മേച്ചേരിത്താഴം മരോട്ടിപ്പാറ റോഡ് നിർമ്മാണം

പുതുമനപ്പടി തെക്കേടത്ത് പ്രായിൽ റോഡ്

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന ചില കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

ഉദാ ;അമ്പാട്ടു കുഴി - എലവുംപറമ്പ് പുതുമനപ്പടി റോഡ് ടാറിംഗ്

മേച്ചേരിത്താഴം റോഡ്

(3) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(4)നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ട ഉത്തരവാദിത്വം കൂടി വർക്കിംഗ് ഗ്രൂപ്പുകൾക്കുണ്ട്. ഫയൽ പരിശോധിച്ചതിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും മോണിട്ടറിംഗ് കമ്മറ്റിയിൽ ഉള്ള എല്ലാ അംഗങ്ങളും പ്രസ്തുത റിപ്പോർട്ടിൽ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല .ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-4 എസ്.സി. യുവതികൾക്ക് സ്വയം തൊഴിൽ സംരംഭം - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | SO0061/2017-18 |
| പ്രോജക്ട് പേര് | എസ്.സി. യുവതികൾക്ക് സ്വയം തൊഴിൽ സംരംഭം |
| അടങ്കൽ | 342500 |
| ചെലവ് | 342500 |
| ട്രഷറി ബിൽ നമ്പർ | 1.13/2017-18 – 17-01-2018 - 192500<br>2. 21/2017-18 – 17-02-2018 – 100000<br>3. 30/2017-18 – 31-03-2018 – 50000<br>ആകെ - 342500/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2017-18 വർഷം വനിതാ ഘടക പദ്ധതിയായി നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 7 എസ്.സി.വിഭാഗത്തിൽപെട്ട വനിതകൾക്കാണ് സഹായം അനുവദിച്ചിട്ടുള്ളത്. തയ്യൽ യൂണിറ്റ്, കോഴി ഫാം, ഡിറ്റിപി സെന്റർ , ലൈവ് സ്റ്റോക്ക് ഫാം എന്നീ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് സഹായം നൽകിയത് . ഗുണഭോക്താക്കൾ സംരംഭങ്ങൾ തുടങ്ങിയത് സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ ഇല്ല. ഗുണഭോക്താക്കൾക്ക് 2017 ഡിസംബർ മാസം തന്നെ കാനറ ബാങ്ക് ലോൺ അനുവദിച്ചിരുന്നു. 2017 ഡിസംബർ 30നകം സംരംഭങ്ങൾ തുടങ്ങുന്നതിനാണ് കരാർ വച്ചിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധന നടത്തിയതിൽ പ്രോജക്ട് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയതിന്റെ വിവരം ഇല്ല. ഗുണഭോക്താക്കൾക്ക് പ്രോജക്ട് വകയായുള്ള തുക യഥാക്രമം 17-01-2018,17-02-2018,31-03-2018 എന്നീ തീയതികളിലാണ് കാനറ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തത് . തുക ബാങ്കിലേക്ക് കൈമാറിയ സമയത്തെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തേണ്ടതായിരുന്നു.

2. ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ലൈസൻസ് എടുക്കേണ്ടതാണ്. പ്രോജക്ട് സംരംഭങ്ങളിൽ കോഴിഫാം തുടങ്ങുന്നതിനും സഹായം നൽകിയിട്ടുണ്ട്. എന്നാൽ കോഴിഫാമിന് ലൈസൻസ് എടുത്തിട്ടില്ല.
. നിർവ്വഹണം നടത്തിയതിലെ അപാകതകൾ മേലിൽ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ

സൂക്ഷിച്ചിട്ടുണ്ടെങ്കിലും തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/ അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/ പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ / മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 സ്കൂൾ വിദ്യാർത്ഥികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ - അപാകതകൾ

2017-18 വർഷം ഹെഡ്മിസ്ട്രസ്സ് നടപ്പാക്കിയ വെളിയനാട് പ്രീ-പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S00096/2017-18 |
| പ്രോജക്ട് പേര് | വെളിയനാട് പ്രീ-പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 99900 |
| ചെലവ് | 99900 |
| ട്രഷറി ബിൽ നമ്പർ | 3/2017-18 – 28-02-2018 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്സ് |

കളിയുപകരണങ്ങൾ ക്വട്ടേഷൻ പ്രകാരം BUILD INDIA എന്ന സ്ഥാപനത്തിൽ നിന്നും ആണ് വാങ്ങിയത്. (ബിൽ നം. B1/54/2017-18 – 04-01-2018).

1. കളിയുപകരണങ്ങൾ വാങ്ങുന്നതിന് ആകെ ചെലവായിരിക്കുന്നത് 99900 രൂപയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ , ജി.ഒ.(പി)259/2010 ത.സ്വ.ഭ.വ 08-11-2010 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേക്കുള്ള വാങ്ങലുകൾക്ക് മതിപ്പുവില 25000 ന് മുകളിലും 100000 ൽ താഴെയുമുള്ളവയ്ക്ക് ലിമിറ്റഡ് ടെണ്ടറിംഗ് നടപടികൾ ആണ് വേണ്ടത്. എന്നാൽ ഇവിടെ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ക്വട്ടേഷൻ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ആയത്

അപാകതയാണ്.

2. എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ നം.എ4-4834/16 തീയതി 27-09-2017 പ്രകാരമുള്ള പത്ര പരസ്യത്തിലും ഹെഡ്മിസ്ട്രസ്സ് നടപ്പിലാക്കുന്ന പ്രോജക്ടിലേക്ക് ടെണ്ടറുകൾ/ക്വട്ടേഷൻ ക്ഷണിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കുന്നതിന് പകരം ക്വട്ടേഷൻ/ ടെണ്ടർ എന്ന് രേഖപ്പെടുത്തി പത്രത്തിൽ പരസ്യം ചെയ്യുന്നത് വാങ്ങലിൽ ക്വട്ടേഷൻ രീതി അനുവർത്തിക്കാൻ കാരണമായിട്ടുണ്ട്.

ആയതിനാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വേണ്ടി പ്രോജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ മേൽ വിവരിച്ച അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പി.എച്ച്.സികൾക്ക് മരുന്ന് വാങ്ങൽ - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | SO0078/2017-18 |
| പ്രോജക്ട് പേര് | പി.എച്ച്.സികൾക്ക് മരുന്ന് വാങ്ങൽ (ആരക്കുന്നം PHC) |
| അടങ്കൽ | 200000 |
| ചെലവ് | 200000 |
| ട്രഷറി ബിൽ നമ്പർ | 01/2017-18 – 12-02-2018 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആരക്കുന്നം. |

മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. ആരക്കുന്നം നിർവ്വഹണം നടത്തിയ പി.എച്ച്.സികൾക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതക ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 200000/- രൂപ 12-02-2018 ൽ കൈമാറിയിട്ടുണ്ട്.രേഖകൾ പരിശോധിച്ചതിൽ നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ലാത്തതാണ്. ഗ്രാമപ്രദേശമായ എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ അത്യാവശ്യ ചികിത്സാവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 2017-18 വർഷ പ്രോജക്ട് പ്രകാരമുള്ള മെഡിസിൻ 2018-19 വർഷം കഴിയാറായിട്ടും ലഭ്യമാക്കാത്തത് പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല എന്ന് വ്യക്തമാകുന്നു. ഓഡിറ്റിനായി സമർപ്പിച്ച ഫയലുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ മരുന്ന് ലഭ്യമാക്കുന്നതിന് നാളിതുവരെ കത്ത് ഇടപാടുകൾ നടത്തിയിയതായി കണ്ടില്ല.ആയതിനാൽ മെഡിസിൻ ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുക - 1562889/- തടസ്സപ്പെടുത്തുന്നു.

2017-18 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്ക് നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടുകൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. ഏഴ ഡെപ്പോസിറ്റ് വർക്കുകളിൽ ആറും കുടിവെള്ള പ്രോജക്ടുകളാണ്. കുടിവെള്ള ക്ഷാമം വളരെ രൂക്ഷമായ ഈ പ്രദേശത്ത് ഡെപ്പോസിറ്റ് വർക്കിനായി തുക നല്കി 6 മാസം (ആദ്യത്തെ പ്രോജക്ടിന് ഒരു വർഷത്തോളം) കഴിഞ്ഞിട്ടും പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല. വികസന കാര്യ സ്ററാൻഡിങ്ങ് കമ്മിറ്റി പ്രവൃത്തി പുരോഗതി പരിശോധന, നിലവിലെ സ്ഥ്തി വിലയിരുത്തുക എന്നീ കാര്യങ്ങൾ ചെയ്യേണ്ടതും കമ്മിറ്റികളിൽ ചർച്ച ചെയ്യേണ്ടതും ആണ്. പ്രവൃത്തി പൂർത്തീകരണത്തി നായി നിർവ്വഹണ ഏജൻസികൾക്ക് ഇതിന്റെ ആവശ്യകത വ്യക്തമാക്കി കൊണ്ട് കത്ത് നല്കുകയും ചെയ്യേണ്ടതാണ് . ഡെപ്പോസിറ്റ് വർക്കുകൾ ചെയ്യുമ്പോൾ നിർവ്വഹണ ഏജൻസികളുമായി കരാർ വെയ്ക്കേണ്ടതാണ്. എന്നാൽ ഒരു

ഡെപ്പോസിറ്റ് വർക്കിനും ഏജൻസികളുമായി കരാർ വെച്ചിട്ടില്ല.
നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | നിർവ്വഹണ അധികാരി | ചെലവ് | ബിൽ നം. തീയതി |
|---|---|---|---|---|---|---|
| 1. | 21/18 | എല്ലാ വാർഡുകളിലും കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, മൂവാറ്റുപുഴ. | സെക്രട്ടറി | 205000/- | 10/17-18 /8.9.17 |
| 2. | 21/18 | ടി- | ടി- | ടി- | 50000/- | 14/17-18/ 21.10.17 |
| 3. | 21/18 | ടി- | ടി- | ടി- | 55000/- | 18/17-18 27.10.17 |
| 4. | 21/18 | ടി | ടി- | ടി- | 26000/- | 19/17-18 31.10.17 |
| 5 | 21/18 | ടി | ടി | ടി | 84668/- | 25/17-18 6.1.18 |
| 6 | 143/18 | വെള്ളക്കാട്ടു തടം പൈപ്പ് ലൈൻ നീട്ടൽ | ടി- | ടി | 156000/- | 24/17-18 6.1.18 |
| 7. | 175/18 | വെള്ളക്കാട്ടു തടം പൈപ്പ് ലൈൻ നീട്ടൽ സെക്കന്റ് റീച്ച്. | ടി | ടി | 332000/- | 52/17-18 24.3.18 |
| 8. | 176/18 | എടയ്ക്കാട്ടു വയൽ ജംഗ്ഷൻ പൈപ്പ് ലൈൻ മാറ്റൽ | ടി | ടി | 510000/- | 55/17-18 3.3.18 |
| 9 | 139/18 | പാർപ്പാകോട് ഇൻഡോർ സ്റ്റേഡിയം കുഴൽ കിണർ നിർമ്മാണം | ഭൂഗർഭ വകുപ്പ് സിവിൽ സ്റ്റേഷൻ കാക്കനാട് | ടി | 43000/- | 28/17-18 11.1.18 |
| 10 | 142/18 | 9 ാം വാർഡിലെ വെളിയനാട് പ്ലാങ്കുടം റോഡിൽ ഇലക്ട്രിക്ക് ലൈൻ സ്ഥാപിക്കൽ | കെ.എസ്. ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ | ടി | 100000/-<br>1221/- | 20/17-18 31.10.17<br>00000696743 2.11.17 |
| | | ആകെ | | | | 1562889/- |

പണികൾ പൂർത്തികരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/ 09.18) ലഭ്യമാക്കിയ മറുപടിയിൽ പണികൾ പൂർത്തികരിച്ചിട്ടില്ല എന്നും പണികൾ പൂർത്തികരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണ മെന്ന് ആവശ്യപ്പെട്ട കൊണ്ട് നിർവ്വഹണ ഏജൻസികൾക്ക് കത്ത് അയച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പണികൾ പൂർത്തികരിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ചെലവ് തുക 1562885/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 പദ്ധതി നിർവ്വഹണവും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1995 ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ്കമ്മിറ്റി രൂപീകരണവും നടപടിക്രമങ്ങളും അധികാരങ്ങളും) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ്, പ്രവർത്തനം, യോഗ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തമാക്കുന്നു. ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് രൂപീകരണവും പ്രവർത്തനവും പഞ്ചായത്തിൽ നടക്കുന്നുണ്ട്. മാസത്തിലൊരിക്കൽ നാല് സ്റ്റാന്റിംഗ് കമ്മിറ്റികളും യോഗം കൂടി പ്രധാന വിഷയങ്ങൾ ചർച്ചകൾ നടത്തുന്നുണ്ട് എന്നത് സ്വീകാര്യമാണ്.

2017-18 ൽ മത്സ്യമേഖലയിൽ ഒരു പദ്ധതിയും നടപ്പിലാക്കിയില്ല.ഒരു നെല്ലും മീനും പദ്ധതി നടപ്പിലാക്കണമെന്ന് വർക്കിംഗ് ഗ്രൂപ്പിൽ നിന്നും നിർദ്ദേശം വന്നെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയില്ല. 2017-18 വർഷത്തേക്കുള്ള പ്രോജക്ടുകളും ഭേദഗതി ചെയ്തുകൊണ്ടുള്ള പ്രോജക്ടുകളും നിർദ്ദേശിക്കുന്നതിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ജാഗ്രത കാണിച്ചിട്ടുണ്ട്.

പഞ്ചായത്ത് റോഡുകളുടെ പ്രധാന പ്രശ്നം കുണ്ടും കുഴിയും നിറഞ്ഞ ഉപരിതലമാണ്. അതിനാൽ റോഡ് അറ്റകുറ്റപ്പണിയുടെ ഭാഗമായി പലപ്പോഴും പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ തൊട്ട് ചെയ്യേണ്ടി വരുന്നു. (sectioning, easying gradient)ഇത് അധികച്ചെലവിനിടയാക്കുന്നു. കാനകളുടെ അപര്യാപ്തതയും റോഡ് ഡിസൈൻ ചെയ്യാത്തതും ഫണ്ടിന്റെ അപര്യാപ്തതയും വാർഡ് അടിസ്ഥാനമാക്കിയുള്ള ഫണ്ട് വിഭജനവും റോഡിന്റെ നിർമ്മാണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രശ്നമായി സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനത്തിനു പകരം പണി നടത്താനായി തെരഞ്ഞെടുക്കുന്ന റോഡ് അതിന്റെ മുഴുവൻ നീളത്തിലും നല്ല രീതിയിൽ തീർക്കുന്നത് റോഡിന്റെ ഗുണമേന്മ വർദ്ധിക്കുന്നതിന് പരിഹാരമായി സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടെങ്കിലും തൻവർഷവും ഇത്തരത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കാതെ നിലവിലുള്ള രീതി തുടരുകയാണ് ചെയ്തിട്ടുള്ളത്.ഇക്കാര്യം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലോ വികസനകാര്യ സ്റ്റാന്ഡിംഗ് കമ്മിറ്റിയോ ചർച്ച ചെയ്തിട്ടില്ല.

തൻവർഷത്തെ ചെലവു പത്രിക പ്രകാരം മരാമത്ത് പ്രവൃത്തികൾക്കായി 6.02 കോടി രൂപ വിവധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയതിൽ 2.97 കോടി രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.ഫണ്ട് ലഭ്യമായിട്ടും ആയത് ഫലപ്രദമായി വിനിയോഗിക്കാൻ ആയില്ലായെന്നത് പോരായ്മയാണ്.

പദ്ധതികളുടെ ചെലവ് നടന്നുകഴിഞ്ഞാൽ പദ്ധതി പൂർണ്ണമായി എന്ന സമീപനം ശരിയല്ല. പല പദ്ധതികളും നടപ്പാക്കിയെങ്കിലും പദ്ധതികളുടെ കൃത്യമായ മോണിറ്ററിംഗ് നടന്നിട്ടില്ല. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം അധികച്ചെലവിനിടയാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഖണ്ഡികകളിൽ (ഖണ്ഡിക 3-1, 3-2 )ഇത് വിശദമായി പരാമർശിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് രേഖപ്പെടുത്തേണ്ടതും മിനിട്സ് ബുക്ക് സൂക്ഷിക്കലും കൺവീനറുടെ ചുമതലയാണ്. 16-12-17, 27-02-18 തീയതികളിൽ കൂടിയ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് നാളിതുവരെ പൂർത്തിയാക്കുകയോ ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ലാത്തത് ഗുരുതര വീഴ്ചയാണ്. അതുപോലെ പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സും നാളിതുവരെ പൂർത്തിയാക്കുകയോ

ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല.

എല്ലാ മേഖലകളിലും വ്യക്തമായ പഠനം നടത്തി താഴെ തട്ടിൽ നിന്നു തന്നെ ഉയർന്നുവരുന്ന പ്രായോഗികമായ നിർദ്ദേശങ്ങളും സമീപനങ്ങളും ഉൾക്കൊണ്ടുകൊണ്ടും പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ വിലയിരുത്തലും നടത്തി ഉപകാരപ്രദമായ പദ്ധതികൾ നടപ്പാക്കി വിജയം കൈവരിക്കാൻ സ്റ്റാന്റിംഗ്കമ്മിറ്റികളുടെ സജീവ സാന്നിധ്യം ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2017-18 | 600000 | ലൈഫ് ഭവന പദ്ധതി | | 600000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 904352 | നെൽകൃഷി വികസനം | 904352 | |
| ബ്ലോക്ക് | 2017-18 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.സി.ബി | എല്ലാ വാർഡുകളിലും ഗതാഗത തടസ്സം നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ<br>9-ാം വാർഡിലെ വെളിയനാട് പ്ലാങ്കടം റോഡിൽ ഇലക്ട്രിക്കൽ | 19/18<br>20/18 തീ.31/10/17 ചെക്ക് നം. 696743/ 2.11.17 | 548386 | ഇല്ല<br>101221 | 548386<br>-- |

| | | | | | |
|---|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ | | 101221 | | |
| വാട്ടർ അതോറിറ്റി | എല്ലാ വാർഡുകളിലും കുടി വെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21/18 | 439000 | ഇല്ല | 439000 |
| | വാർഡിലെ വെളിയനാട് പ്ലാങ്കടം റോഡിൽ കുടി വെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 142/18 | 142000 | ഇല്ല | 142000 |
| | വെള്ളക്കാട്ടുതടം കുടി വെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 143/18 | 156000 | ഇല്ല | 156000 |
| | വെട്ടിക്കാട്ടിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 174/18 | 170000 | ഇല്ല | 170000 |
| | വെള്ളക്കാട്ടുതടം കുടി വെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (രണ്ടാം റീച്ച്) | 175/18 | 332000 | ഇല്ല | 332000 |
| | എടക്കാട്ടുവയൽ ജം പൈപ്പ് ലൈൻ മാറ്റൽ | 176/18 | 510000 | ഇല്ല | 510000 |
| ഗ്രൌണ്ട് വാട്ടർ | പാർപ്പകോട് ഇൻഡോർ സ്റ്റേഡിയംകുഴൽ കിണർ നിർമ്മാണം | 139/18 | 43000 | ഇല്ല | 43000 |

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4594/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| 2001-02 | 2-2 | 180 | കെ.രംഗരാജൻ, സീനിയർ ട്രാക്ക്മാൻ, റെയിൽവെ. | 117070105160/ 31-03-2018. |
| 2001-02 | 2-2 | 300 | പി.വി.മാത്യൂ,ഗാംഗ് മാൻ, റെയിൽവെ | 117070105159/ 31-03-2018 |
| 2002-03 | 2-2(2) | 242 | വെറ്ററിനറി സർജൻ, എടക്കാട്ടുവയൽ | 117070105161/ 31-03-2018 |
| 2002-03 | 2-4 | 585 | ടി.വി.വാസുദേവ ശർമ്മ,സെക്രട്ടറി(റിട്ട.), എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | 117070100441/ 22-05-2017 |
| 2002-03 | 2-7 | 240 | ,, | ,, |
| 2004-05 | 2-1(2) | 36 | ,, | ,, |
| 2012-13 | 3-7 | 2141 | ,, | ,, |
| 2016-17 | 1-12 | 870 | പോസ്റ്റ്മാസ്റ്റർ, വെളിയനാട് | 117070100803/10-07-2017 |
| | ആകെ | 4594 | | |

4-7. <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6-3,6-(3),(1,2) | തൊഴിൽ നികുതി | ഖണ്ഡികകളിലെ പരാമർശങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2015-16 | 2(1)എ | 2016-17 | | 12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | തൊഴിൽ നികുതി ഈടാക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ,, | 2(സി) | ,, | | റെയിൽവെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | റെയിൽവെ ഡിവിഷണൽ മാനേജർക്ക് 25-01-2017, 18-07-2017, 23-08-2018 തീയതികളിൽ അറിയിപ്പ് നൽകി. |
| ,, | 2(ഡി) | ,, | | പഞ്ചായത്ത് വാഹനത്തിന്റെ | 15-02-2017 ന് ഈടാക്കി |

| | | | | | |
|---|---|---|---|---|---|
| | | | | ഡ്രൈവർ ശ്രീ.ബിനോയ് ജോസഫിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | ഒടുക്കിയിട്ടുണ്ട്. |

4-8. ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61975061 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59042386 |
| വരവിനങ്ങളിലുള്ള നഷ്ടം | 3300 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1562889 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-2 | 3300 | | ഇ.കെ.കൃഷ്ണൻകുട്ടി, സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക -

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 1562889 | ഇ.കെ.കൃഷ്ണൻകുട്ടി, സെക്രട്ടറി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇ.കെ.കൃഷ്ണൻകുട്ടി | സെക്രട്ടറി,എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത്. | എല്ലിമ്മേൽ,നെച്ചൂർ.പി.ഒ.,മണീട് |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93 | എൽ.എഫ്.ഇ.(പി3)760/95/18.2.1996 |
| 1996-97 | എൽ.എഫ്.ഇ. (പി4)601/97/14-10-1997 |
| 1997-98 | എൽ.എഫ്.ഇ. (പി4)1272/99 |
| 1998-99 | എൽ.എഫ്.ഇ. (പി4)1091/2000/12-03-2003 |
| 1999-2000 | എൽ.എഫ്.ഇ. (പി4)320/2001 |
| 2000-01 | എൽ.എഫ്.ഇ. (പി4)1208/02/05-01-2003 |
| 2001-02 | എൽ.എഫ്.ഇ. (പി4)1245/05/02-03-2006 |
| 2001-02 | എൽ.എഫ്.ഇ. (പി4)1498/03/10-12-2003 |
| 2002-03 | എൽ.എഫ്.ഇ. (പി4)1245/05/02-03-2006 |
| 2003-04 | എൽ.എഫ്.ഇ. (പി6)1640/09/28-05-2010 |
| 2004-05 | എൽ.എഫ്.ഇ. (പി6)1641/03/28-05-2010 |
| 2005-06 | എൽ.എഫ്.ഇ. (പി6)1642/03/28-05-2010 |
| 2006-07<br>2007-08<br>2008-09 | എൽ.എഫ്.ഇ. (പി6)58/12/17-03-2012 |
| 2009-10<br>2010-11 | എൽ.എഫ്.ഇ. (പി6)1642/12/08-05-2010 |
| 2011-12 | എൽ.എഫ്.ഇ. (പി6)1612/13/19-11-2013 |
| 2012-13<br>2013-14 | എൽ.എഫ്.ഇ. (പി6)1762/2014/29-12-2014 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി.6)878/2016 /21-04-2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.6)2203/2016 /14-12-2016 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.6)1414/2017 /22-11-2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) , 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്